II ശ്രദ്ധ ക്ഷണിക്കൽ

കാർഷിക കടങ്ങൾ എഴുതിത്തള്ളുന്ന നടപടി

ശ്രീ. പി. ജെ. ജോസഫ് : സർ, 15-5-1990 മുതൽ കാർഷിക കടങ്ങൾ എഴുതിത്തള്ളാനുള്ള ഗവൺമെന്റിന്റെ തീരുമാനം നടപ്പായിയെങ്കിലും ബഹുഭൂരിപക്ഷത്തിനും അതിന്റെ പ്രയോജനം കിട്ടിയിട്ടില്ല. ഇതേ [9.30 a. m.] തുടർന്ന് വളരെയേറെ സമരങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം ലീഡ് ബാങ്ക്, പ്രൈവറ്റ് കമേർസ്യൽ ബാങ്കുകൾ, ഫെഡറൽ ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക്, ധനലക്ഷ്മി ബാങ്ക് എന്നിവ എല്ലാം റിസർവ് ബാങ്കിന്റെ ഡയറക്ഷൻ അനുസരിച്ച് പ്രവർത്തിക്കുന്നവയാണ്. ഇത്തരം കമേഴ്സ്യൽ ബാങ്കുകളിൽനിന്നും എടുത്ത ലോണുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല എന്ന് പറയുന്നത് തെറ്റായിട്ടുള്ള കാര്യമാണ്. കർഷകർക്ക് ഇത്തരം ബാങ്കിൽനിന്നും മാത്രമേ ലോൺ കിട്ടുകയുള്ളൂ. അതുകൊണ്ട് ഇത്തരം ബാങ്കുകളിൽനിന്നും എടുത്ത ലോണുകൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കേണ്ടതാണ്. ഏതായാലും ആ ബാങ്കുകളിൽനിന്നും എടുത്ത ലോണിൻമേലുള്ള റവന്യൂ റിക്കവറി നടപടികൾ നിറുത്തിവയ്ക്കാൻ സംസ്ഥാന ഗവൺമെന്റ് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുള്ളത് സ്വാഗതാർഹമാണ്. അതുപോലെതന്നെ ഈ നോംസ് സമ്പ്രദായം ചെയ്തതിന്റെ ഫലമായി അർഹരായ അനേകം ആളുകൾക്ക് ഇതിന്റെ പ്രയോജനം കിട്ടാതെ വന്നിട്ടുണ്ട്. വളരെ കർശനമായി ഈ നോംസ് പാലിക്കുന്നതുവഴി ബഹുഭൂരിപക്ഷം കർഷകർക്കും ഇതിന്റെ പ്രയോജനം കിട്ടിയില്ല. അതുകൊണ്ട് നോംസ് കുറേക്കൂടി ലിബറലാക്കണം. മുതലിന്റെ കൂടെ പലിശയും ഇളവ് ചെയ്തു കിട്ടുമെന്ന് കർഷകർ പ്രതീക്ഷിച്ചിരുന്നു. ഇപ്പോൾ അത് മൊത്തത്തിൽ അടയ്ക്കേണ്ടിവരുന്നുവെന്നുള്ളതുകൊണ്ട് കുടിശ്ശിക വന്നവർക്കുമാത്രമേ പ്രയോജനമുള്ളൂ. ഇതിന്റെ നോംസ് കുറേക്കൂടി ലിബറലാക്കണം. പലിശ പരിപൂർണമായിട്ട് എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കർഷകർ കെ. എൽ. ഡി. സി. ഫണ്ട് കൃഷിക്കുവേണ്ടിയാണ് ഉപയോഗിച്ചിട്ടുള്ളത്. അതിൻമേലും റവന്യൂ റിക്കവറി നടപടികൾ നടക്കുകയാണ്. ഈ കാര്യത്തിലൊക്കെ ഉദാരമായ നിലപാട് സ്വീകരിച്ചുകൊണ്ട് റവന്യൂ റിക്കവറി നടപടികൾ അടിയന്തിരമായി നിറുത്തിവയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സഹകരണവും ഫിഷറീസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ): സർ, പ്രധാനപ്പെട്ട ഒരു കാര്യമാണ് മെമ്പർസഭ മുമ്പാകെ കൊണ്ടുവന്നിട്ടുള്ളത്. ഇത് സംബന്ധിച്ച് മുമ്പ് ഞാൻ പറഞ്ഞിട്ടുള്ളതാണ്. എന്നാൽ പുതിയ ചില കാര്യങ്ങൾകൂടി മെമ്പർ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. കടം എഴുതിത്തള്ളുക എന്നുള്ളതല്ല, കടം കുടിശ്ശിക എഴുതിത്തള്ളുക എന്നുള്ളതാണ് സ്കീം. കടം എഴുതിത്തള്ളുക എന്നുള്ള നിലയ്ക്ക് ഒരു തെറ്റിദ്ധാരണ വന്നിട്ടുണ്ട്. ഇതുവരെ ഈ സ്കീം നടപ്പാക്കിയതിന്റെ ഭാഗമായി 46.66 കോടി രൂപയ്ക്കുള്ള വായ്പകൾ സംസ്ഥാന സഹകരണ ബാങ്കിൽനിന്നും എഴുതിത്തള്ളുണ്ടായി വന്നിട്ടുണ്ട്. 3,55,157 വായ്പക്കാർക്കായി 51, 367 വായ്പകളുടെ 11.54 കോടി രൂപയ്ക്കുള്ള വായ്പകളും എഴുതിത്തള്ളുന്നതിന് സംസ്ഥാന സഹകരണ വികസനബാങ്ക് പണം സൊസൈറ്റികൾക്കുവേണ്ടി വിതരണം ചെയ്തുകഴിഞ്ഞു. മൊത്തം ഇതുവരെയായി 4,06,524 വായ്പക്കാരുടെ 58.20 കോടി രൂപയ്ക്കുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് രണ്ട് ബാങ്കുകളുംകൂടി അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ നാഷണലൈസ്ഡ് ബാങ്കിന്റെ മുഴുവൻ കണക്കുകളും നമുക്ക് കിട്ടിയിട്ടില്ല. അതുംകൂടി വന്നാൽ ഇത്രയും കോടി രൂപയുടെ ഗുണം കുടിശ്ശിക്കാരായ ആളുകൾക്ക് ലഭിച്ചിട്ടുണ്ട് എന്ന് പറയാനാകും. എന്നാൽ കർഷക സംഘങ്ങളിൽനിന്നും കാർഷിക വികസന ബാങ്കുകളിൽനിന്നു എടുത്തിട്ടുള്ള വായ്പകളെക്കുറിച്ച്, പലിശ സബ്സിഡി നൽകിയിരുന്ന സ്കീമിനെപ്പറ്റി മെമ്പർ സൂചിപ്പിച്ചു. പലിശ സബ്സിഡി നിറുത്തിയില്ലെങ്കിൽ റീഫൈനാൻസ് തരില്ലെന്ന് ചവാൻ ധനകാര്യമന്ത്രിയായിരുന്ന കാലത്ത് രാജീവ് ഗാന്ധിയുടെ കാലത്ത് നിർബന്ധപൂർവ്വം ആവശ്യപ്പെട്ടു. ഞങ്ങൾ അതിൽ മാറ്റം വരുത്തുന്നതിനുവേണ്ടി വളരെ പരിശ്രമങ്ങൾ നടത്തി. അവസാനം കാർഷിക വികസനബാങ്ക് തരേണ്ട 8 കോടി രൂപ തരില്ലെന്ന് നിർബന്ധം പിടിച്ചതിനെത്തുടർന്ന് അവർ പറഞ്ഞപോലെ പലിശ സബ്സിഡി നിറുത്തലാക്കാൻ ഗവൺമെന്റ് നിർബന്ധിതമായിരിക്കുകയാണ്. ഈ ഗവൺമെന്റ് നിറുത്തലാക്കിയതല്ല. എന്നാൽ മറ്റൊരു ഗവൺമെന്റും ഇതിനുപകരം ഒരു പദ്ധതികൊണ്ടു വന്നിട്ടില്ല. അവരെല്ലാം പലിശ സബ്സിഡി നിറുത്തലാക്കുകയാണ് ചെയ്തത്. എന്നാൽ ഈ ഗവൺമെന്റ് മാത്രം അതിനുപകരം പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം എന്നു പറഞ്ഞ് ഒരു സ്കീം കൊണ്ടുവന്നു. പലിശ സബ്സിഡിമൂലം കൊടുത്തിരുന്ന സംഖ്യയിൽ കാലണയുടേയും കുറവ് വരാതെ കൊടുക്കുന്നതിനുവേണ്ടിയുള്ള സ്കീം തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. അതിനുള്ള കുറച്ച് തുക ബഡ്ജറ്റിൽത്തന്നെ കൊള്ളിച്ചിട്ടുണ്ട്. കെ. എൽ. ഡി. സി.യിൽ നിന്നും കർഷകർ എടുത്തിട്ടുള്ള കടത്തെക്കുറിച്ച് മെമ്പർ ഇവിടെ സൂചിപ്പിച്ചു. ആ കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. മറ്റു കടങ്ങളും ഉദാരമാക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. എടുത്ത കടം മുഴുവൻ ഒഴിവായി കിട്ടുമെന്ന് പ്രതീക്ഷിച്ച പലരും നിരാശരായിട്ടുണ്ട്. ഈ കാര്യം ഒക്കെ കേന്ദ്രഗവൺമെന്റിന്റെ മുമ്പിൽ കൊണ്ടുവരുന്നതിനുവേണ്ടി ശ്രമിക്കാം. പക്ഷെ ഇവിടെയൊരു സമരം നടക്കുന്നത്, അത് സഹകരണ മേഖലയ്ക്ക് എതിരായ സമരമാണ്. ഞാൻ ഇടുക്കിയിൽ പോയിരുന്നു. സഹകരണസംഘങ്ങളുടെ മുമ്പിൽവന്ന് പ്രകടനം നടത്തിയിട്ട് ഒറ്റ ചില്ലിക്കാശ് പോലും സഹകരണ സംഘങ്ങളിൽ അടയ്ക്കരുതെന്ന് ആവശ്യപ്പെടുകയാണ്. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള നിയമമാണ്. അവരുടെ വ്യവസ്ഥ പാലിക്കാതെ നമുക്ക് സഹായം കിട്ടില്ല. ആ സഹായം കിട്ടാതെ നമുക്ക് കൊടുക്കാൻ സാദ്ധ്യമല്ല. സഹകരണ പ്രവർത്തനങ്ങൾ സ്തംഭിപ്പിക്കുന്നതിന്റെ ഫലം ബ്ലേഡ് കമ്പനികൾക്ക് സുഖകരം കിട്ടുക എന്നുള്ളതാണ്. ഞാൻ ചെന്നപ്പോൾ എനിക്ക് നേരിട്ട് മനസ്സിലാക്കാൻ കഴിഞ്ഞ ഒരു കാര്യം പുതിയ കുറെ ആളുകളാണ് ഇതിന്റെ പിന്നിൽ ഉള്ളതെന്നാണ്; കർഷക പ്രസ്ഥാനത്തിലും സഹകരണപ്രസ്ഥാനത്തിലും വർഷങ്ങളായി പ്രവർത്തിക്കുന്നവരൊന്നും ഇതിന്റെ പിന്നിലില്ല. വി. പി. സിംഗിന്റെ ഗവൺമെന്റ് കൊണ്ടുവരുന്നതിനുമുമ്പ് പത്ത് നാല്പത് വർഷക്കാലമായി ആവശ്യപ്പെട്ടുപോന്നതാണ് ഈ കുടിശ്ശിക ഇളവ് ചെയ്യണമെന്നത്. ഇതുവരെ ആരും നടപ്പിലാക്കിയിരുന്നില്ല. ഇപ്പോൾ ഈ ഗവൺമെന്റ് നടപ്പിലാക്കി, 56 കോടിയിൽപ്പരം രൂപയുടെ പ്രയോജനം അതുവഴിയുണ്ടാകും. നാഷണലൈസ്ഡ് ബാങ്കുകളിൽനിന്നും, അല്ലാതെയുമുണ്ട്. അത് കാണാതെ, കുടിശ്ശികയല്ല, മുഴുവൻ തുകയും എഴുതിത്തള്ളണമെന്നുള്ള നിലയിൽ സമരത്തെ നയിക്കുന്ന ആളുകൾ സഹകരണസംഘങ്ങൾക്കെതിരെ ആളുകളെ തിരിച്ചുവിടുന്നത് ശരിയല്ല. ആ ശ്രമത്തിൽനിന്നും അവർ പിൻമാറണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റു കാര്യങ്ങൾ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി നിവാരണമാർഗ്ഗമുണ്ടാക്കാൻ വേണ്ടി ഞങ്ങൾ ശ്രമിക്കും. അല്ലാതെ സംസ്ഥാന ഗവൺമെന്റ് മാത്രം വിചാരിച്ചാൽ നടത്താൻ കഴിയുന്ന കാര്യമല്ലത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ് : ഓപ്രവാറ് കെ.മേഴ്സ്യൽ ബാങ്കുകളും കേരളത്തിലെ സൗത്ത് ഇൻഡ്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക്, ധനലക്ഷ്മി ബാങ്ക് എന്നിവയെല്ലാം ആർ. ബി. ഐ.യുടെ ഡയറക്ഷനിൽ, മറ്റു ബാങ്കുകളും കൊടുക്കുന്നതുപോലെ ഒരേ നോംസിൽ ലോൺ കൊടുക്കുന്നുണ്ട്. അവരെ ഇതിൽപ്പെടുത്തിയിട്ടില്ല. അപ്പോഴും അവ്ടെനിന്നും ലോണെടുത്ത്ട്ടുള്ള കർഷകർക്കുകൂടി ഇത് ബാധകമാകത്തക്ക വിധത്തിലുള്ള നടപടി സ്വീകരിക്കുമോ; അതുപോലെതന്നെ പലിശ സബ്സിഡി ഏറ്റവും വേഗം കൊടുക്കുവാനുള്ള നടപടിയും സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇത് ഒരു കേന്ദ്ര പദ്ധതിയാണെന്ന് ഞാൻ പറഞ്ഞു. നമ്മളും അവരെ അറിയിക്കാം എന്നല്ലാതെ നമുക്കതിൽ നടപടി എടുക്കുവാൻ നിവൃത്തിയില്ല. പലിശ സബ്സിഡിയുടെ കാര്യം ഗവൺമെൻറ് പുതിയ സ്കീമിൽപ്പെടുത്തിയിട്ടുണ്ടെന്ന് ഞാൻ പറഞ്ഞു.

(2) സ്വകാര്യ പ്രസ് തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, സ്വകാര്യമേഖലയിൽ പണിയെടുക്കുന്ന പതിനായിരക്കണക്കിന് പ്രസ് തൊഴിലാളികളുടെ അടിയന്തിരാവശ്യം പരിഗണിക്കണമെന്നുള്ളത് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാനിത് അവതരിപ്പിക്കുന്നത്.

സ്വകാര്യമേഖലയിൽ നമ്മുടെ സംസ്ഥാനത്തുടനീളം പതിനായിരക്കണക്കിന് പ്രസ് തൊഴിലാളികളും പണിയെടുക്കുന്നതുണ്ട്. അവരുടെ സേവന വേതന വ്യവസ്ഥകളും നിജപ്പെടുത്തണമെന്നും ക്ഷേമ നിയമങ്ങളും പാസ്സാക്കണമെന്നും പ്രമേയങ്ങളും നിവേദനങ്ങളും കൊടുക്കുവാൻ തുടങ്ങിയിട്ട് വർഷങ്ങളേറെയായി. ഇതുവരെയും അതിനെക്കുറിച്ച് ഒരു ചർച്ച നടത്തുവാനോ, എന്തെങ്കിലും നിയമനിർമ്മാണം നടത്തുവാനോ സർക്കാർ തയ്യാറായിട്ടില്ല. ഇത്തരം തൊഴിലാളികളും വളരെ വിഭിന്നരാണ്. ഈ മേഖലയിൽ എല്ലാ ആളുകൾക്കും പണിയെടുക്കുവാൻ കഴിയുന്നില്ല. അവരുടെ മിനിമം വേജസ് പോലും പുതുക്കി നിശ്ചയിച്ചിട്ട് വർഷങ്ങളേറെയായി. 1957 മുതൽ 1987 വരെയുള്ള 30 വർഷക്കാലത്തിനിടയ്ക്ക് നാലു തവണ മാത്രമാണ് അവരുടെ മിനിമം വേജസ് പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. അതുപോലെതന്നെ ലിവിംഗ് ഇൻഡക്സ് അനുസരിച്ച് നൂറ് പോയിൻറ് കഴിഞ്ഞാൽ ഒരു പോയിൻറിന് ഒരു രൂപ അമ്പത്തിയാറ് പൈസയാണ് നിശ്ചയിച്ചിട്ടുള്ളത്. അവരുടെ ജീവിതനിലവാരവും സാധനങ്ങളുടെ വിലവർദ്ധനവും വച്ചു നോക്കിയാൽ ഇത് വളരെ അപര്യാപ്തമാണെന്ന് പറയാതെതന്നെ മനസ്സിലാകുന്നതാണ്. അവർക്ക് പെൻഷൻ നൽകണമെന്നും അവരുടെ സേവന-വേതന വ്യവസ്ഥകളും നിജപ്പെടുത്തണമെന്നും അവർ ആവശ്യപ്പെട്ടിട്ടുണ്ട്. അതിനെക്കുറിച്ച് യാതൊരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. അവർ സ്വകാര്യമേഖലയിലാണ് പണിയെടുക്കുന്നതെങ്കിലും അച്ചടി വ്യവസായത്തിനു വേണ്ട ലെഡ് പോയിസൺ, മണ്ണെണ്ണ, മഷി തുടങ്ങിയ സാധനങ്ങളും ഉപയോഗിക്കുന്നതുകൊണ്ട് മാരകമായ രോഗങ്ങളും വരുന്നു. ഇവർക്കുവേണ്ടി യാതൊരു ചികിൽസാസമ്പ്രദായവുമില്ല. ഇ. എസ്. ഐ. സമ്പ്രദായം അവർക്കുകൂടി ബാധകമാകത്തക്കവിധത്തിലുള്ള നടപടികളും ആവിഷ്ക്കരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly